# കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാനകമ്മിറ്റി

---

**23.08.2023**

## പത്രക്കുറിപ്പ്

സംയോജിതകൃഷി കാമ്പയിന്റെ നേതൃത്വത്തിൽ 1100 കേന്ദ്രങ്ങളിൽ ഓണത്തിന് വിഷരഹിത പച്ചക്കറി വിപണികളുടെ സംസ്ഥാന തല ഉദ്ഘാടനം 2023 ആഗസ്റ്റ് 24 ന് തൊടുപുഴയിൽ സ. പി.കെ.ശ്രീമതി ടീച്ചർ നിർവ്വഹിക്കും.

കാർഷിക കേരളത്തിനായി 2014 മുതൽ സി പി ഐ (എം) ന്റെ നേതൃത്വത്തിൽ വിവിധ ബഹുജന സംഘടനകളെയും സഹകരണ ബാങ്കുകളേയും കോർത്തിണക്കി നടത്തി വരുന്ന വിപുലമായ കാർഷിക ഇടപെടലിന്റെ ഭാഗമായുള്ള ഓണം വിപണികൾ ആഗസ്റ്റ് 24 മുതൽ 27 വരെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നു. ഇതിനകം തന്നെ കർഷക സംഘത്തിന്റേയും പർട്ടിയുടേയും നേതൃത്വത്തിൽ നൂറു കണക്കിന് കേന്ദ്രങ്ങളിൽ വിപണികൾ ആരംഭിച്ചു.

സംസ്ഥാനത്ത് 2023 ആഗസ്റ്റ് 24 മുതൽ 27 വരെ വിപുലമായ നിലയിൽ കർഷകരും, സംഘടനകളും ഉല്പാദിപ്പിച്ച വിഷ രഹിത പച്ചക്കറിയുടെ വിപണികൾ ആരംഭിക്കുകയാണ്. ജനങ്ങൾക്ക് ന്യായമായ വിലയിലും വിഷ രഹിതമായുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിനായാണ് ഈ വിപണികളിലുടെ ശ്രമിക്കുന്നത്. കാർഷിക രംഗത്ത് ജനകീയ ഇടപെടലിലൂടെ പച്ചക്കറിയുടേയും, പാലിന്റെയും മുട്ടയുടേയും മാംസത്തിന്റെയും രംഗങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പരിശ്രമത്തെ സഹായിക്കുന്നതിനാണ് സിപിഐ (എം) ഇത്തരം ക്യാമ്പയിൻ ഏറ്റെടുത്തത്.

ജനങ്ങളുടെ മനോഭാവത്തിൽ തന്നെ വന്ന മാറ്റം പച്ചക്കറിയുടെ രംഗത്ത് വലിയ തോതിൽ വീട്ടുവളപ്പിലും മട്ടുപ്പാവിലും കൃഷി ചെയ്യുന്നതിനുള്ള ആഭിമുഖ്യം ഉണ്ടായി. ഇത്തരത്തിൽ കൃഷി ചെയ്യുന്ന അധിക ഉല്പന്നങ്ങൾ ആകെ സമാഹരിക്കുന്നതിനും ജനകീയ വിപണികളിലൂടെ ലക്ഷ്യമിടുകയാണ്. സംസ്ഥാന സർക്കാരിന്റെ കാർഷിക രംഗത്തെ ഫലപ്രദമായ ഇടപെടലുകൾക്ക് കുടി സഹായകമാകുന്ന നിലയിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സാങ്കേതിക പ്രവർത്തകരേയും, ബഹുജനസംഘടനകളേയും സഹകരണ സംഘങ്ങളേയും ഫാർമർ പ്രൊഡ്യൂസർ കമ്പനിക

ളേയും ഏകോപിപ്പിച്ചുകൊണ്ടാണ് കാർഷിക മേഖലയിലെ ഈ വിപണി ഇടപെടൽ

ഓണം വിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം 2023 ആഗസ്റ്റ് 24 ന് വൈകിട്ട് 4.30 ന് ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ സി പി ഐ (എം) കേന്ദ്രകമ്മിറ്റി അംഗം ശ്രീമതി ടീച്ചർ നിർവ്വഹിക്കുന്നു. ജില്ലകളിലും പ്രാദേശികമായും 24 മുതൽ 27 വരെ പച്ചക്കറിവിപണികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും.

* * *